(എഫ്) നിർമ്മാണ പ്രവർത്തനങ്ങൾ വേഗം ചെയ്തു തീർക്കാനായി അവലോകന യോഗങ്ങൾ 2004 ഓഗസ്റ്റ് 8, 2004 സെപ്റ്റംബർ 29 എന്നീ തീയതികളിൽ നടത്തി കോൺട്രാക്ടർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

(ജി) 2005 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന പാലങ്ങൾ

63 [661] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അഴിമാവ്കടവ്, ചെമ്മാപ്പള്ളികടവ് എന്നിവിടങ്ങളിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായിയെന്ന് വിശദമാക്കുമോ ;

(സി) ചേർപ്പ്-തൃപ്രയാർ റോഡിൽ കാലപ്പഴക്കംചെന്ന പഴുവിൻ പാലം അപകടസ്ഥിതിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലം അടിയന്തിരമായി പൊളിച്ചു പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പുള്ള്-മനക്കൊടി റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നു മുതലാണ് ആരംഭിക്കുന്നത് എന്ന് അറിയിക്കുമോ ;

(എഫ്) ഇതിനായി 2004-05 ബഡ്ജറ്റിൽ അനുവദിച്ച സംഖ്യ എത്ര ;

(ജി) പൂച്ചാണിപ്പാടം-ചാത്തകൂടം-എറവക്കാട് റോഡിന്റെ പുനരുദ്ധാരണ പണികൾ ഏതു ഘട്ടംവരെയായിയെന്ന് വിശദമാക്കുമോ ;

(എച്ച്) നെടുപുഴ-വടുക്കര-അരണാട്ടുകര റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഐ) ചിയ്യാരം കോൺവെന്റ് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ചിട്ടുള്ള പാലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) അഴിമാവ് കടവ് പാലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ചെമ്മാപ്പള്ളി പാലത്തിന്റെ സർവ്വേ നടത്താൻ നടപടി എടുത്തുവരുന്നു.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പാലത്തിന്റെ പണിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടിയെടുക്കുന്നുണ്ട്.

(ഇ) പുള്ള്-മനക്കൊടി റോഡിന് 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഉടനെ ടെണ്ടർ വിളിക്കാവുന്നതാണ്.

(എഫ്) 20 ലക്ഷം.

(ജി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എച്ച്) നെടുപുഴ-വടുക്കര-അരണാട്ടുകര റോഡിന്റെ ആദ്യഘട്ടത്തിലെ 3.4 കി. മീ. റോഡ് പൂർത്തീകരിച്ചു.

(ഐ) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണം

64 [662] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണത്തിൽ എന്തൊക്കെ പ്രവർത്തികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്നും മേൽപ്പാലം എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായിട്ട് ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ) ഈ മേൽപ്പാലം ഫെബ്രുവരി 2-ാം വാരത്തോടുകൂടി ടാറിംഗ് പണികൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ

65 [663] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly